# പൊതു വിദ്യാഭ്യാസ വകുപ്പ് ഡയറക്ടറുടെ നടപടി ക്രമങ്ങൾ

വിഷയം: പൊതു വിദ്യാഭ്യാസ വകുപ്പ് ഹയർസെക്കൻഡറി വിഭാഗം- ജീവനക്കാര്യം- സർക്കാർ ഹയർ സെക്കൻഡറി സ്കൂളുകളിൽ HSST(ജൂനിയർ) (HISTORY )General. തസ്തികയിൽ 32300-68700 രൂപ ശമ്പള സ്കെയിലിൽ പി. എസ്. സി മുഖേന നേരിട്ടുള്ള നിയമനം - ഉത്തരവ് പുറപ്പെടുവിക്കുന്നു.

നമ്പർ: എഡിസി3/99612/2018/എച്ച് എസ് ഇ | തീയതി: 07/01/2021

പരാമർശം: 1. 16/04/2001 തീയതിയിലെ ജി. ഒ (പി) 144/2001/ പൊ.വി.വ നമ്പർ ഉത്തരവ്

2. കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ സെക്രട്ടറിയുടെ 16/09/2020 തീയതിയിലെ ആർ1ഡി(2)1202/20/ജിഡബ്ല്യു നമ്പർ കത്ത്

## ഉത്തരവ്

പൊതു വിദ്യാഭ്യാസ വകുപ്പ് ഹയർസെക്കൻഡറി വിഭാഗത്തിൽ HSST(ജൂനിയർ)HISTORY തസ്തികയിൽ 1958 ലെ കേരള സ്റ്റേറ്റ് ആൻറ് സബോർഡിനേറ്റ് സർവ്വീസ് റൂൾസിന്റെ ചട്ടം (3) (സി) 10 (ബി) വകുപ്പുകളുടെ നിബന്ധനകൾക്ക് വിധേയമായി 32300-68700 രൂപ ശമ്പള സ്കെയിലിൽ പരാമർശം (2) പ്രകാരം കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ നിയമനോപദേശം നൽകിയ താഴെ പറയുന്ന ഉദ്യോഗാർത്ഥികളെ അവരുടെ പേരിന് നേരെ ചേർത്തിരിക്കുന്ന സ്കൂളുകളിൽ നിയമിച്ച് ഉത്തരവാകുന്നു.

| ക്രമ നമ്പർ | പേരും വിലാസവും | രക്ഷകർത്താവിന്റെ / പിതാവിന്റെ പേര് | ജനന തീയതി | വിദ്യാഭ്യാസ യോഗ്യത/ ജാതി/ സമുദായം | നിയമിക്കപ്പെട്ടേണ്ട | നിയമനം നൽകിയിരിക്കുന്ന സ്കൂളിന്റെ പേരും കോഡും |
|---|---|---|---|---|---|---|
| 1 | 2 | 3 | 4 | 5 | 6 | 7 |
| 11 | ASHA<br>Avunhikkattu Parambil<br>Edavannappara<br>Cheruvayoor<br>Malappuram 673645 | Thomas | 02/06/1981 | . MA (History). . B.Ed (Social Science). . SET. | OC | 11008 - GOVT HSS,PULLENGODE,MALAPPPUARM |

ഈ നിയമനം ലഭിച്ച ഉദ്യോഗാർത്ഥി ജനന തീയതി, വിദ്യാഭ്യാസ യോഗ്യത, ജാതി (നിയമന ഉത്തരവിൽ ജാതി പ്രതിപാദിക്കുന്നുണ്ടെങ്കിൽ മാത്രം) എന്നിവ തെളിയിക്കുന്നതിനുള്ള അസ്സൽ സർട്ടിഫിക്കറ്റുകൾ, സിവിൽ സർജൻറെ റാങ്കിൽ കുറയാത്ത ഒരു രജിസ്റ്റേർഡ് മെഡിക്കൽ ഓഫീസർ നൽകുന്ന നിർദ്ദിഷ്ട മാതൃകയിലുള്ള മെഡിക്കൽ ഫിറ്റ്നസ് സർട്ടിഫിക്കറ്റ് (വിരലടയാളം, ഫോട്ടോ എന്നിവ സാക്ഷ്യപ്പെടുത്തിയത്) അംഗ പരിമിതനാണെന്ന മെഡിക്കൽ ബോർഡിൻറെ സർട്ടിഫിക്കറ്റ് (നിയമന ഉത്തരവിൽ പ്രതിപാദിക്കുന്നുണ്ടെങ്കിൽ മാത്രം) എന്നിവ സഹിതം, ഈ ഉത്തരവ് കൈപ്പറ്റി സ്കൂൾ തുറന്നു റെഗുലർ ക്ലാസുകൾ ആരംഭിക്കുന്ന തീയതി മുതൽ 15 ദിവസത്തിനകം ജോലിയിൽ പ്രവേശിക്കേണ്ടതാണ്. അല്ലാത്ത പക്ഷം ഇവരുടെ നിയമനോത്തരവ് റദ്ദ് ചെയ്യുന്നതാണ്. നിയമനം ലഭിച്ച സ്കൂളിലേക്ക് അടുത്ത പൊതു സ്ഥലം മാറ്റത്തിലോ/കോടതി /സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിലോ യോഗ്യരായ അധ്യാപകരെ ടി സ്കൂളിൽ നിയമിക്കുന്ന പക്ഷം നിയമനം ലഭിച്ചിട്ടുള്ള ടി ഉദ്യോഗാർഥിയെ മറ്റൊരു സ്കൂളിലേക്ക് മാറ്റി നിയമിക്കുന്നതാണ്. ബന്ധപ്പെട്ട പ്രിൻസിപ്പൽ/പ്രിൻസിപ്പലിന്റെ ചുമതല വഹിക്കുന്ന അധ്യാപകർ ഇവരുടെ നിയമനം conditional എന്ന് dhsetransfer ൽ രേഖപ്പെടുത്തേണ്ടതാണ്.

ഈ നിയമനം കേരള സ്റ്റേറ്റ് ആൻറ് സബോർഡിനേറ്റ് സർവ്വീസ് ചട്ടത്തിന്റെ (10(B)പ്രകാരം ചട്ടം 9 ഉപചട്ടം (2) ക്ലോസ് (1) , 05/03/1974 ലെ ജി.ഒ(പി) നമ്പർ 49/74/പി.ഡി നമ്പർ ഉത്തരവ് എന്നിവ പ്രകാരം തീർത്തും താൽക്കാലികമായിരിക്കും. കേരള പബ്ലിക് സർവ്വീസ് കമ്മീഷന്റെയും പോലീസിന്റെയും പരിശോധനാ റിപ്പോർട്ടിന് വിധേയമായിരിക്കും നിയമനം. കേരള പബ്ലിക് സർവ്വീസ് കമ്മീഷന്റെയും പോലീസിന്റെയും റിപ്പോർട്ട് പ്രതികൂലമാകുന്ന പക്ഷം നിയമനം റദ്ദ് ചെയ്യുന്നതാണ്.

നിലവിൽ ജനന തീയതിയിൽ ഏതെങ്കിലും തരത്തിലുള്ള അപാകത നിലനിൽക്കുന്ന ഉദ്യോഗാർത്ഥികൾ സർവ്വീസിൽ പ്രവേശിച്ച് അഞ്ച് വർഷത്തിനകം ആയത് തിരുത്തി കിട്ടുന്നതിനുള്ള അപേക്ഷ ഉചിത മാർഗ്ഗേന സമർപ്പിക്കേണ്ടതാണ്.

ഈ ഉത്തരവ് പ്രകാരം സർവ്വീസിൽ പ്രവേശിക്കുന്നവർക്ക് 07/01/2013 ലെ സർക്കാർ ഉത്തരവ് ജി.ഒ (പി) നമ്പർ 20/2013/ഫിൻ പ്രകാരം നിലവിൽ വന്ന നാഷണൽ പെൻഷൻ സ്കീം ബാധകമായിരിക്കും.

**ഉദ്യോഗാർത്ഥികളെ ജോലിയിൽ പ്രവേശിപ്പിക്കുന്ന പ്രിൻസിപ്പാൾ താഴെ പറയുന്ന നിർദ്ദേശങ്ങൾ കർശനമായി പാലിക്കേണ്ടതാണ്**

1. ഉദ്യോഗാർത്ഥികളെ ജോലിയിൽ പ്രവേശിപ്പിക്കുന്നതിനു മുൻപായി ജനന തീയതി, വിദ്യാഭ്യാസ യോഗ്യത മുതലായവ തെളിയിക്കുന്നതിനുള്ള അസ്സൽ സർട്ടിഫിക്കറ്റുകൾ പരിശോധിക്കേണ്ടതാണ്.
2. ഉത്തരവിൽ ഉദ്യോഗാർത്ഥിയുടെ പേരിന് നേരെ റിസർവേഷൻ ടേൺ കോളത്തിൽ CC/NCLC എന്ന് രേഖപ്പെടുത്തിയിട്ടുണ്ടെങ്കിൽ പ്രസ്തുത ഉദ്യോഗാർത്ഥിയെ ജോലിയിൽ പ്രവേശിപ്പിക്കുന്നതിനു മുൻപായി അവരുടെ അസ്സൽ ജാതി സർട്ടിഫിക്കറ്റ് / നോൺ-ക്രീമിലെയർ സർട്ടിഫിക്കറ്റ് പരിശോധിച്ച് ആയതിന്റെ വാസ്തവികത ഉറപ്പു വരുത്തേണ്ടതാണ്. ഇതുപോലെ റിസർവേഷൻ ടേൺ PH ആണെങ്കിൽ അംഗ പരിമിതനാണെന്നുള്ള മെഡിക്കൽ സർട്ടിഫിക്കറ്റിന്റെ അസ്സൽ പരിശോധിച്ച് ആയതിന്റെ വാസ്തവികത ഉറപ്പു വരുത്തേണ്ടതാണ്.
3. ഇതോടൊപ്പം അടക്കം ചെയ്തിട്ടുള്ള തിരിച്ചറിയൽ സർട്ടിഫിക്കറ്റിലെ ഫോട്ടോയും ഒപ്പും ശരിയാണോ എന്ന് പരിശോധിക്കേണ്ടതും ആയതിൽ നിയമന ഉത്തരവിന്റെ നമ്പർ, തീയതി, ജോലിയിൽ പ്രവേശിച്ച തീയതി എന്നിവ രേഖപ്പെടുത്തേണ്ടതും ആണ്.
4. 30/06/2011 ലെ G.O (P) No 20/2011/P&ARD പ്രകാരം നിശ്ചിത മാതൃകയിലുള്ള മെഡിക്കൽ സർട്ടിഫിക്കറ്റ് ഹാജരാക്കിയിട്ടുണ്ട് എന്ന് ഉറപ്പു വരുത്തേണ്ടതാണ്.
5. ഉദ്യോഗാർത്ഥിയെ ജോലിയിൽ പ്രവേശിപ്പിച്ചതിനു ശേഷം പ്രസ്തുത വിവരം വകുപ്പിന്റെ സോഫ്റ്റ്‌വെയറിൽ അതേ ദിവസം തന്നെ അപ്‌ലോഡ് ചെയ്യേണ്ടതും ആയതിന്റെ പ്രിന്റൗട്ട് സാക്ഷ്യപ്പെടുത്തി ഒരാഴ്ചയ്ക്കകം പൊതു വിദ്യാഭ്യാസ വകുപ്പ് ഡയറക്ടറേറ്റ് ഹയർസെക്കണ്ടറി വിഭാഗത്തിൽ അയച്ചു തരേണ്ടതുമാണ്.
6. ഹയർസെക്കണ്ടറി വിദ്യാഭ്യാസ വിഭാഗത്തിന്റെ 18/10/2014 . 29/10/2014 എന്നീ തീയതികളിലെ Ad.C6/20272/HSE നമ്പർ സർക്കുലറുകളിലെ നിർദ്ദേശങ്ങൾക്ക് അനുസൃതമായി പി.എസ്.സി വെരിഫിക്കേഷന് വേണ്ടിയുള്ള രേഖകൾ സമർപ്പിക്കേണ്ടതാണ്.
7. പോലീസ് വെരിഫിക്കേഷനുള്ള പ്രൊഫോർമ ഉദ്യോഗാർത്ഥിയിൽ നിന്നും പൂരിപ്പിച്ച് വാങ്ങേണ്ടതും പ്രൊഫോർമയും ആയതിലെ ഒറിജിനൽ ഫോട്ടോയും പ്രിൻസിപ്പാൾ സാക്ഷ്യപ്പെടുത്തി ഡയറക്ടറേറ്റിൽ എത്രയും വേഗം അയച്ചു തരേണ്ടതുമാണ്. പ്രൊഫോർമ ഹയർസെക്കണ്ടറി വിഭാഗത്തിന്റെ www.dhsekerala.gov.in എന്ന ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.
8. അനുവദിച്ചിട്ടുള്ള സമയപരിധിക്കുള്ളിൽ ഉദ്യോഗാർത്ഥികൾ ജോലിയിൽ പ്രവേശിച്ചിട്ടില്ലെങ്കിൽ പ്രസ്തുത വിവരം ഉടൻ തന്നെ അസ്സൽ തിരിച്ചറിയൽ സർട്ടിഫിക്കറ്റ് സഹിതം ജീവൻ ബാബു കെ ഐ എ എസ്, പൊതു വിദ്യാഭ്യാസ ഡയറക്ടർ, ഹയർസെക്കൻഡറി വിഭാഗം, ഹൗസിംഗ് ബോർഡ് ബിൽഡിംഗ്, ശാന്തിനഗർ, തിരുവനന്തപുരം -695001 എന്ന വിലാസത്തിൽ രജിസ്റ്റേർഡ് തപാലിൽ ആമുഖ കത്ത് സഹിതം സമർപ്പിക്കേണ്ടതാണ്.
9. ജോലിയിൽ പ്രവേശിക്കാൻ അനുവദിച്ചിരിക്കുന്ന സമയപരിധി കഴിഞ്ഞ ശേഷം യാതൊരു കാരണവശാലും ഉദ്യോഗാർത്ഥിയെ ജോലിയിൽ പ്രവേശിപ്പിക്കാൻ പാടുള്ളതല്ല.

ഒപ്പ്/-
ജീവൻ ബാബു കെ ഐ എ എസ്
പൊതു വിദ്യാഭ്യാസ ഡയറക്ടർ

പകർപ്പ്

1. ബന്ധപ്പെട്ട വ്യക്തിക്ക്
2. ബന്ധപ്പെട്ട പ്രിൻസിപ്പാളിന്
3. ബന്ധപ്പെട്ട ആർ.ഡി.ഡി (എച്ച്.എസ്.ഇ)
4. ബന്ധപ്പെട്ട ഡി.റ്റി.ഒ / എസ്.റ്റി.ഒ
5. കരുതൽ ഫയൽ / അധികം ഫയൽ

ആജ്ഞാനുസരണം
സൂപ്രണ്ട്

PPO A53